DESPATCHED On 23-06-20...

20/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1717** *(2)/2019*/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **11762**/എസ്.ഐ.സി-ജി 6/19)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ശശിധരൻ നായർ കെ.,
സുനില ഭവൻ, ശീമവിളമുക്ക്,
വേങ്കോട് പി.ഒ., തിരുവനന്തപുരം,
പിൻ – 695 028. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഓവർസിയർ,
നെടുമങ്ങാട് നഗരസഭ, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
നെടുമങ്ങാട് നഗരസഭ,
നെടുമങ്ങാട് പി.ഒ.,
പിൻ – 695 541.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.04.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10.05.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 01.06.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27.06.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 05.07.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.07.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീല അധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ശശിധരൻ നായർ കെ.,

05.07.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 10.07.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1717(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള മറുപടി നൽകിയെന്നും ആകയാൽ കമ്മീഷൻ ടിയാന്റെ ചോദ്യങ്ങൾക്ക് കൃത്യവും വ്യക്തവുമായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 20.04.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ അനധികൃത നിർമ്മാണം ക്രമീകരിക്കാനോ തുടർ നടപടികൾ നിർത്തിവയ്ക്കാനോ ഉള്ള നിയമം ഏത് ഉത്തരവ്/മുനിസിപ്പൽ ചട്ടപ്രകാരമാണെന്നും ഒന്നാം ചോദ്യത്തിനുള്ള ജി.ഒ./കെ.എം.ബി.ആർ. പകർപ്പ് ലഭ്യമാക്കണമെന്നും അനധികൃത നിർമ്മാണത്തിനെതിരെയുള്ള നടപടികൾ താല്ക്കാലികമായി നിർത്തിവയ്പിച്ച തീരുമാനം ആരുടെതാണെന്നു വ്യക്തമാക്കണമെന്നു തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് നൽകിയ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിനും 27.06.2019ന് മറുപടി നൽകിയതായും കാണുന്നു.

4. 16.11.2019ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിലെ 4-ാം ഇനമായി ആവശ്യപ്പെട്ട വിവരം അനധികൃത നിർമ്മാണത്തിനെതിരയുള്ള നടപടികൾ താല്ക്കാലികമായി നിർത്തിവയ്പിച്ച തീരുമാനം ആരുടേതാണെന്ന് വ്യക്തമാക്കണമെന്ന ചോദ്യത്തിന് നിർമ്മാണം നിർത്തിവച്ചിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളതെന്നും എന്നാൽ ആയതിന് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ അനധികൃത നിർമ്മാണത്തിന് എതിരെയുള്ള നടപടികൾ നിർത്തിച്ചിട്ടില്ലെന്നും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നഗരസഭ അംഗീകരിച്ചിട്ടില്ലെന്നുമാണ്. PMAY പദ്ധതി പ്രകാരമുള്ള കെട്ടിടത്തോടൊപ്പം അംഗീകരിച്ചിട്ടുള്ള ടോയ്‌ലറ്റിന്റെ നിർമ്മാണം പൂർത്തിയാകുന്നതു വരെയുള്ള സാവകാശമാണ് ടിയാൻ ആവശ്യപ്പെട്ടതെന്നും ആയതിന് മറുപടി നൽകിയെന്നുമാണ്. ഹർജിക്കാരന്റെ തൊട്ടടുത്ത താമസക്കാരിയായ ശോഭന ജോർജ്ജ് എന്ന വ്യക്തിയുടെ PMAY പദ്ധതി

പ്രകാരമുള്ള കെട്ടിട നിർമ്മാണവും സൈറ്റിൽ ഉണ്ടായിരുന്ന ഒരു ടോയ്‌ലറ്റ് സംബന്ധിച്ചും മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പരാതി നൽകുകയും ആയത് 1999ലെ കെ.എം.ബി.ആർ. പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നതുമാണെന്നും ടിയാന്റെ പല ചോദ്യങ്ങളും കേരള മുനിസിപ്പൽ ആക്ടിലും 1999ലെ കെ.എം.ബി.ആർ.ലെയും വിവിധ ഖണ്ഡികകളുടെ വ്യക്തത സംബന്ധിച്ചാണെന്നും അത്തരം ചോദ്യങ്ങൾക്കൊഴികെ ടി ഓഫീസിൽ ലഭ്യമായ മുഴുവൻ വിവരങ്ങളും നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും രണ്ടാം എതിർകക്ഷിയെയും നേരിൽ കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, നിർമ്മാണം നിർത്തിവച്ചുകൊണ്ട് ഒരു ഉത്തരവും നൽകിയിട്ടില്ലെന്നും എതിർകക്ഷി സാവകാശം ആവശ്യപ്പെട്ടു കത്തു നൽകിയതിന്റെ പകർപ്പ് ഹർജിക്കാരനും അയച്ചു കൊടുത്തിട്ടുണ്ടെന്നും സർക്കാരിന്റെ ആനുകൂല്യം കൈപ്പറ്റി നിർമ്മിച്ച വീടാണെന്നും ടി വീടിന്റെ ടോയ്‌ലറ്റ് മാറ്റണമെന്നുമായിരുന്നു ടിയാന്റെ ആവശ്യമെന്നും ഇപ്പോൾ ടി വിഷയം സംബന്ധിച്ച പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നുമാണ്. രണ്ടാം എതിർകകക്ഷിയുടെ മൊഴി കമ്മീഷൻ അംഗീകരിക്കുന്നു.

6. മേൽ പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/